(ബി) ഇല്ല.

(സി) ഉണ്ട്. 2002-2003-ൽ സ്ഥാപിച്ച രണ്ടു കുടുംബകോടതികൾക്ക് 10 ലക്ഷം രൂപ വീതം കേന്ദ്രത്തിൽ നിന്ന് ധനസഹായം ലഭിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) നടപടി സ്വീകരിക്കുന്നതാണ്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിക്കുന്ന തുക

154 (3810) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിച്ച തുകയിൽ എത്ര പേർക്ക് എന്ത് തുക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ;

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അടിയന്തിര ആശ്വാസത്തിനുവേണ്ടി എം.എൽ.എ.മാർ വഴി നൽകുന്ന അപേക്ഷകളിൽ മുഖ്യമന്ത്രി തീരുമാനമെടുക്കാതെ സെക്രട്ടറിക്ക് അയച്ചുകൊടുക്കുന്നതുമൂലം അപേക്ഷകന് നീതി ലഭിക്കുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇത്തരം അപേക്ഷകളെ സംബന്ധിച്ച് മുഖ്യമന്ത്രി തന്നെ തീരുമാനമെടുക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി&ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധന സഹായത്തിന് സമർപ്പിക്കുന്ന അപേക്ഷയുടെ അടിയന്തിര സ്വഭാവവും അതോടൊപ്പമുള്ള രേഖകളും കണക്കിലെടുത്ത് അപ്പോൾത്തന്നെ സഹായം അനുവദിക്കുകയോ, ജില്ലാ കളക്ടറിൽ നിന്നും റിപ്പോർട്ട് വാങ്ങിയശേഷം അനുവദിക്കുകയോ ആണ് അനുവർത്തിച്ചുവരുന്ന രീതി. ഇതുമൂലം അപേക്ഷകന് നീതി ലഭിക്കാതെ വരുന്ന സാഹചര്യം ഉണ്ടാകുന്നില്ല.

സാംക്രമിക രോഗങ്ങൾക്കെതിരെ പ്രതിരോധ പ്രവർത്തനങ്ങൾക്കായി അനുവദിച്ച ഫണ്ട്

155 (3844) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ സാംക്രമിക രോഗങ്ങൾക്കെതിരെ പ്രതിരോധ പ്രവർത്തനത്തിനായി സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സംഖ്യ എത്രയാണെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly